# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2860 10.12.2014-ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകി വരുന്നത്; വിശദമാക്കുമോ; | (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000/- രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്. വാർഷിക വരുമാന പരിധി 50,000/- രൂപയിൽകവിയാത്ത അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണപത്രിക/ വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000/- രൂപ അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000/- |

രൂപയായിരുന്നു.

(സി) ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

(സി) & (ഡി) ഇല്ല.എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് നൽകി വന്നിരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20.09.2012 ലെ സ.ഉ.125/2012/SCSTDD നമ്പർ ഉത്തരവ്പ്രകാരം ധനസഹായ തുക 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ